# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3573 23-06-2014 ന് മറുപടിയ്ക്ക്**

## വനം വകുപ്പിലെ പെൻഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, ഐ.സി.ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) വനം വകുപ്പിലെ എല്ലാ പെൻഷൻ കേസ്സുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നടപ്പിലാക്കിയ നൂറുദിന പരിപാടിയുടെ ഭാഗമായും തുടർന്നു നടപ്പിലാക്കിയ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായും വനംവകുപ്പിൽ തീർപ്പാകാതെ കിടന്നിരുന്ന പെൻഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ഒരു തീവ്രയത്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. വനംവകുപ്പിൽ മാത്രം നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' പദ്ധതി മുഖേന ദീർഘകാലമായി തീർപ്പാകാതെ കിടന്ന പെൻഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിരുന്നു. സർക്കാർ ഇപ്പോൾ 2014 മെയ്-ജൂൺ മാസങ്ങളിൽ നടപ്പിലാക്കി വരുന്ന 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മൂന്നുവർഷത്തിൽ കൂടുതൽ പഴക്കമുള്ള പെൻഷൻ കേസ്സുകൾ തീർപ്പാക്കാനുള്ള തീവ്രയത്ന പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം വനം വകുപ്പിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വനം വകുപ്പിലെ ഓരോ ടെറിട്ടോറിയൽ സർക്കിളുകളിലെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലേയും തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസ്സുകൾ പരിശോധിക്കുവാനായി ഒരു പ്രത്യേക ടീം രൂപീകരിച്ചു.

2) ഓരോ സർക്കിൾ പരിധിയിലും തീർപ്പാകാതെ കിടന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും പഴക്കം ചെന്ന കേസ്സുകൾ മുൻഗണനാ ക്രമത്തിൽ തരംതിരിച്ച് പ്രത്യേകം നടപടി സ്വീകരിച്ചു.

3) വിജിലൻസ് കേസ്സിൽ ഉൾപ്പെടാത്ത അച്ചടക്ക നടപടികൾ നിലനിൽക്കുന്ന കേസ്സുകളിൽ അവ എത്രയും പെട്ടെന്ന് തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

4) ബാധ്യതകൾ സമയബന്ധിതമായി തിട്ടപ്പെടുത്തി ചട്ടപ്രകാരം പെൻഷണറെ അറിയിക്കുവാനും വിശദീകരണം നൽകാൻ 15 ദിവസത്തെ സമയം അനുവദിച്ച ശേഷം അന്തിമമായി തീർപ്പാക്കുവാനും നടപടി സ്വീകരിച്ചു.

5) പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണങ്ങൾ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുകയുണ്ടായി.

6) വനംവകുപ്പ് ആസ്ഥാനത്ത് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ(ഭരണം) നേതൃത്വത്തിൽ പ്രത്യേക ടീം രൂപവൽക്കരിച്ചു.

| | |
|---|---|
| (ബി) പദ്ധതിയുടെ പ്രവർത്തന രീതി എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ? | (ബി) & (സി) തീർപ്പാകാതെ കിടന്നിരുന്ന പഴക്കം ചെന്ന പെൻഷൻ കേസ്സുകൾ മുൻഗണനാ ക്രമത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് അവ സമയബന്ധിതമായി തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി സർക്കിൾ തലത്തിൽ രൂപീകരിച്ച പ്രത്യേക ടീം അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലേയും തീർപ്പാകാതെ കിടന്നിരുന്ന പഴക്കം ചെന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിയാണ് ആദ്യം സ്വീകരിച്ചത്. വിജിലൻസ്/വകുപ്പുതല കേസ്സുകൾ നിലനിൽക്കുന്ന പെൻഷൻ കേസ്സുകളിൽ ബാധ്യത തിട്ടപ്പെടുത്തുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് പെൻഷൻ കേസുകൾ തീർപ്പാക്കുവാൻ തടസമായിട്ടുള്ളത്. അപ്രകാരം കണ്ടെത്തിയ കേസുകളിൽ വിജിലൻസ് കേസ്സ് നിലവിലുള്ളവ ഒഴികെയുള്ള മറ്റ് വകുപ്പുതല അച്ചടക്ക നടപടികൾ ബന്ധപ്പെട്ട അച്ചടക്ക ശിക്ഷണ അധികാരികൾ സമയബന്ധിതമായി തീർപ്പാക്കുകയും അതനുസരിച്ച് തിട്ടപ്പെടുത്തിയ ബാധ്യതാ വിവരം പെൻഷണറെ അറിയിച്ച് 15 ദിവസത്തിനകം വിശദീകരണം നൽകുവാൻ അവസരം നൽകുകയുമുണ്ടായി. തുടർന്ന് സർക്കിൾ തലത്തിലും വനംവകുപ്പ് ആസ്ഥാനത്തും പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണം പരിശോധിച്ച് പെൻഷണറുടെ ആവലാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ